**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1955** **09-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ വ്യക്തമാക്കുമോ; | (എ) | എല്ലാ സർക്കാർ ഓഫീസുകളിലും ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിനായി 'ഇ-ഓഫീസ്' സംവിധാനം നടപ്പിലാക്കി വരുന്നു. 'സേവന', 'എന്റെ ജില്ല', 'സഞ്ജയ' തുടങ്ങിയ വിവിധ ആപ്പുകൾ വഴി ജനങ്ങൾക്ക് വിരൽത്തുമ്പിൽ വിജ്ഞാനവും വിവരവും ലഭ്യമാകുന്ന സേവന പദ്ധതികൾ സർക്കാർ നടപ്പിലാക്കി കഴിഞ്ഞു. സർക്കാർ ഓഫീസുകളൊക്കെയും സ്മാർട്ട് ഓഫീസ് ആക്കുന്നതിനും, സർക്കാർ സ്കൂളുകൾ സ്മാർട്ട് സ്കൂൾ ആക്കുന്നതിനുമുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. നേരിട്ട് സർക്കാർ ഓഫീസുകളിൽ പോകുന്നതിനു പകരം, ഓൺലൈൻ സംവിധാനങ്ങൾ ശക്തമാക്കുന്ന രീതിയിലാണ് സർക്കാർ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്. സർക്കാരിന്റെ 'ഇ സേവനം' സംവിധാനം മുഖേന ഇലക്ട്രിസിറ്റി ബില്ല്, വെള്ളക്കരം തുടങ്ങിയവയെല്ലാം അടയ്ക്കാനാകും. മനുഷ്യജീവന് ഭീഷണിയാകുന്ന തരത്തിൽ വനം വകുപ്പിന്റെ 'സർപ്പ' ആപ്പ് വഴി ഏതു സമയത്തും പാമ്പിനെ പിടിക്കുന്നതിനുള്ള സഹായം വനം വകുപ്പിൽ നിന്നും ലഭിക്കുന്നതാണ്. |
| (ബി) | പരമാവധി സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ആക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | എല്ലാ സർക്കാർ ഓഫീസുകളിലും ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിനായി 'ഇ-ഓഫീസ്' സംവിധാനം നടപ്പിലാക്കി വരുന്നു. 'സേവന', 'എന്റെ ജില്ല', 'സഞ്ജയ' തുടങ്ങിയ വിവിധ ആപ്പുകൾ വഴി ജനങ്ങൾക്ക് വിരൽത്തുമ്പിൽ വിജ്ഞാനവും വിവരവും ലഭ്യമാകുന്ന സേവന പദ്ധതികൾ സർക്കാർ നടപ്പിലാക്കി കഴിഞ്ഞു. സർക്കാർ ഓഫീസുകളൊക്കെയും സ്മാർട്ട് ഓഫീസ് ആക്കുന്നതിനും, സർക്കാർ സ്കൂളുകൾ സ്മാർട്ട് സ്കൂൾ ആക്കുന്നതിനുമുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. നേരിട്ട് സർക്കാർ ഓഫീസുകളിൽ പോകുന്നതിനു പകരം, ഓൺലൈൻ സംവിധാനങ്ങൾ ശക്തമാക്കുന്ന രീതിയിലാണ് |

| | | | |
|---|---|---|---|
| | | | സർക്കാർ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്. സർക്കാരിന്റെ 'ഇ സേവനം' സംവിധാനം മുഖേന ഇലക്ട്രിസിറ്റി ബില്ല്, വെള്ളക്കരം തുടങ്ങിയവയെല്ലാം അടയ്ക്കാനാകും. മനുഷ്യജീവന് ഭീഷണിയാകുന്ന തരത്തിൽ വനം വകുപ്പിന്റെ 'സർപ്പ' ആപ്പ് വഴി ഏതു സമയത്തും പാമ്പിനെ പിടിക്കുന്നതിനുള്ള സഹായം വനം വകുപ്പിൽ നിന്നും ലഭിക്കുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫയൽ തീർപ്പാക്കുന്നതിൽ നല്ല പുരോഗതി കൈവരിച്ചെങ്കിലും ജനങ്ങൾക്ക് ഉണ്ടാകുന്ന പരാതി പരിഹരിക്കാൻ ചില സർക്കാർ ഓഫീസുകളിൽ നിന്നും കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/ സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികൾക്കുമുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും 07.10.2021 തീയതിയിലെ G.O(P) No.1/2021/PIEMD ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സർക്കാർ സേവനങ്ങൾക്ക് സമർപ്പിക്കേണ്ട അനുബന്ധ രേഖകളിൽ ഒഴിവാക്കാൻ പറ്റുന്നവ ഒഴിവാക്കാനും, കൂടാതെ ഗസറ്റഡ് ഉദ്യോഗസ്ഥർ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ ആവശ്യമായ രേഖകളുടെ എണ്ണം പരിമിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന് പകരമായി സ്വയം സാക്ഷ്യപ്പെടുത്തൽ മതിയാകും.<br><br>സേവനങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന അപേക്ഷാ ഫീസ് കഴിയുന്നത്ര ഒഴിവാക്കാനും, അപേക്ഷാ ഫോറങ്ങൾ ലളിതമാക്കുവാനും ഒരിക്കൽ ലഭിച്ച സർട്ടിഫിക്കറ്റ് തന്നെ ഏത് സർക്കാർ വകുപ്പുകളിലെ ആവശ്യങ്ങൾക്കും ഉപയോഗിക്കാം എന്ന തരത്തിലും ലളിതവത്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശ്യത്തിന്/ ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് ഒരു കാരണവശാലും രേഖപ്പെടുത്താൻ പാടില്ല. ചില വകുപ്പുകൾ നൽകുന്ന സേവനങ്ങൾ/ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി മറ്റു ചില സർട്ടിഫിക്കറ്റുകൾ/രേഖകൾ ഹാജരാക്കണമെന്ന് പല വകുപ്പുകളും നിർബന്ധം പിടിക്കാറുണ്ട്. ഇതിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, എസ്.സി/ എസ്.റ്റി വിഭാഗങ്ങൾക്കായി നിലവിലെ നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഇതിന്റെ പരിധിയിൽ ഒഴിവാക്കിയിട്ടുണ്ട്. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റസിഡൻസ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, One and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബ അംഗത്വ സർട്ടിഫിക്കറ്റ്, |

| | | | |
|---|---|---|---|
| | | | ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്ര വിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തര വകുപ്പ് അറ്റെസ്റ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ